"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കുഴിക്കലിടവക എസ്.എൻ.ജി.ഡി.വി. എച്ച്.എസ്.എസ്.-ലെ അദ്ധ്യാപിക ശ്രീമതി സുനിത വസന്ത് ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.7204/2022-ന്റെ 12.02.2024-ലെ വിധിന്യായത്തിലെയും കുഴിക്കലിടവക എസ്.എൻ.ജി.ഡി.വി.എച്ച്.എസ്.എസ്. മാനേജർ ഫയൽ ചെയ്ത WA.No.448/2024- ന്റെ 25.03.2024-ലെ വിധിന്യായത്തിലെയും നിർദ്ദേശം നടപ്പിലാക്കി പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3781/2025/GEDN തീയതി,തിരുവനന്തപുരം, 10-06-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം.നം.4642/2024/GEDN തീയതി 26-07-2024
2. ശ്രീമതി സുനിതാ വസന്തിന്റെ 01.08.2024- ലെ കത്ത്
3. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറിന്റെ 07.08.2024-ലെ DEOKTR/319/2023-B5 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) പ്രകാരം, കുഴിക്കലിടവക എസ്.എൻ.ജി.ഡി.വി. എച്ച്.എസ്.എസ്.-ലെ അദ്ധ്യാപികയായിരുന്ന ശ്രീമതി സുനിത വസന്തിന് 01.06.2021 മുതൽ സാമ്പത്തികാനുകൂല്യങ്ങൾ, (01.06.2021 മുതൽ 17.11.2022 വരെ നോഷണലായി) അനുവദിക്കുന്നതിന് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും 01.06.2021 മുതൽ 17.11.2022 വരെയുള്ള കാലയളവിൽ തെറ്റായി ടീച്ചർ-ഇൻ-ചാർജായി നിയമിക്കപ്പെട്ടതുമൂലം ശ്രീ.മഹേഷ് കുമാർ ആനുകൂല്യങ്ങൾ അധികമായി കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് മാനേജരിൽ നിന്നും തിരിച്ചു പിടിക്കുന്നതിന് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്കും നിർദ്ദേശം നല്കി, WP(C)No.7204/2022 ലെ 12.02.2024 ലെ വിധിന്യായത്തിലെയും WA. No.448/2024 ലെ 25.03.2024 ലെ വിധിന്യായത്തിലെയും നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ മാനേജർ ശ്രീമതി സുനിതാ വസന്തിനെ ടീച്ചർ-ഇൻ-ചാർജായി നിയമിച്ചത് 18.11.2022-ലാണെന്നാണ് പരാമർശം (1) - ലെ ഉത്തരവിൽ പരാമർശിച്ചിരിക്കുന്നതെന്നും ടിയാൾ ടീച്ചർ -ഇൻ ചാർജ്ജായി നിയമിക്കപ്പെട്ട് ചാർജ് എടുത്തത് 22.10.2022 ലാണെന്നും അപ്രകാരം ഉത്തരവിൽ തിരുത്തൽ

നടത്തണമെന്നും പരാമർശം(2) പ്രകാരം ശ്രീമതി സുനിതാ വസന്ത് ആവശ്യപ്പെട്ടിരുന്നു.

മാനേജർ, **18.10.2022**-ലെ **A4/Appt/SVPV/2022** നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി സുനിത വസന്തിനെ ടീച്ചർ-ഇൻ-ചാർജായി **21.10.2022** മുതൽ നിയമിച്ചുവെന്നും ടിയാൾ ചുമതല ഏറ്റെടുത്തത് **22.10.2022**-നാണെന്നും ശ്രീ.മഹേഷ് കുമാർ ടീച്ചർ-ഇൻ-ചാർജായി നിയമിക്കപ്പെട്ടതുമൂലം അധികം തുക കൈപ്പറ്റിയിട്ടില്ല എന്നും ടിയാൻ എച്ച്.എസ്.ടി. തസ്തികയിലെ ശമ്പളം തന്നെയാണ് കൈപ്പറ്റിയിട്ടുള്ളതെന്നും പരാമർശം (3) പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ.മഹേഷ് കുമാർ ടീച്ചർ-ഇൻ-ചാർജായി നിയമിക്കപ്പെട്ടതുമൂലം അധികം തുക കൈപ്പറ്റിയിട്ടില്ല എന്നും, ടിയാൻ എച്ച്.എസ്.ടി. തസ്തികയിലെ ശമ്പളം തന്നെയാണ് കൈപ്പറ്റിയിട്ടുള്ളതെന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസറും റിപ്പോർട്ട് ചെയ്തിരിക്കുന്നതിനാൽ ശ്രീമതി സുനിതാ വസന്തിന് **01.06.2021** മുതൽ **21.10.2022** വരെയുള്ള കാലയളവിലും ഹെഡ്മാസ്റ്ററുടെ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകാവുന്നതാണ്.

മേൽ സാഹചര്യത്തിൽ, താഴെപ്പറയും പ്രകാരം പരാമർശം (1)-ലെ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു .

1. **26.07.2024**-ലെ സർക്കാർ ഉത്തരവിൽ **18.11.2022** എന്ന തീയതി **22.10.2022** എന്നും **17.11.2022** എന്ന തീയതി **21.10.2022** എന്നും തിരുത്തി വായിക്കേണ്ടതാണ്.

2. ശ്രീ.മഹേഷ്കുമാർ ടീച്ചർ-ഇൻ-ചാർജായി നിയമിക്കപ്പെട്ടതുമൂലം അധികം തുക കൈപ്പറ്റിയിട്ടില്ല എന്നും, ടിയാൻ എച്ച്.എസ്.ടി. തസ്തികയിലെ ശമ്പളം തന്നെയാണ് കൈപ്പറ്റിയിട്ടുള്ളതെന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസറും റിപ്പോർട്ട് ചെയ്തിരിക്കുന്നതിനാൽ ശ്രീമതി സുനിതാ വസന്തിന് **01.06.2021** മുതൽ ഹെഡ്മാസ്റ്ററുടെ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതിന് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കിയും സർക്കാരിന് അധിക സാമ്പത്തികബാധ്യത വരാത്തതിനാൽ മാനേജരുടെ കൈയിൽ നിന്നും തുക ഈടാക്കേണ്ടതില്ലെന്നും ഖണ്ഡിക 7-ൽ വ്യക്തത

വരുത്തുന്നു.

6) മേൽ ഭേദഗതിയോടെ പരാമർശം (1) ലെ ഉത്തരവ് നിലനില്ക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**M RATHEESH**

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, എസ്.എൻ.ജി.ഡി.വി.എച്ച്.എസ്.എസ്., കുഴിക്കലിടവക, കൊല്ലം
ശ്രീമതി.സുനിത വസന്ത് പി.വി., സൗപർണിക, കക്കാക്കുന്ന് പി.ഒ.,
ശൂരനാട് സൗത്ത്, കൊല്ലം
ശ്രീ.റ്റി.ആർ.മഹേഷ് കുമാർ, എസ്.എൻ.ജി.ഡി.വി.എച്ച്.എസ്.എസ്.,
കുഴിക്കലിടവക, കൊല്ലം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് **[B2/135/2024/GEDN]**

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 11-06-2025 11:10:20

സെക്ഷൻ ഓഫീസർ